## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5120

22.05.2017 ൽ
മറുപടിയ്ക്ക്

## മാമ്പഴത്തറക്കാർക്ക് കൈവശാവകാശരേഖ ലഭ്യമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.റോജി.എം.ജോൺ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) പുനലൂർ താലൂക്കിലെ തെന്മല വില്ലേജിൽ മാമ്പഴത്തറ പ്രദേശത്തെ ജനങ്ങളുടെ കൈവശമുള്ള ഭൂമിക്ക് കൊല്ലം സ്പെഷ്യൽ ലാന്റ് ട്രൈബ്യൂണൽ 1976 ൽ കുടികിടപ്പവകാശം നൽകിയിട്ടുണ്ടോ;

(എ) പുനലൂർ താലൂക്കിലെ തെന്മല വില്ലേജിൽ സർവെ 872/1/893-ൽപ്പെട്ട 14.84.62 ഹെക്ടർ ഭൂമി വില്ലേജ് റിക്കാർഡ് പ്രകാരം മാമ്പഴത്തറ ദേവസ്വം വകയ്ക്ക് കൊട്ടാരക്കര ദേവസ്വം സൂപ്രണ്ടിന്റെ പേരിൽ 47- ാം നമ്പർ തണ്ടപ്പേരിൽപ്പെട്ടതാണ്. പ്രസ്തുത ഭൂമിയിലെ കുടികിടപ്പുകാർക്ക് 1976-ൽ കൊല്ലം സ്പെഷ്യൽ മുൻസിഫ് ലാന്റ് ട്രിബ്യൂണൽ വഴി ക്രയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവർക്ക് തെന്മല വില്ലേജ് ഓഫീസർ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണമെന്താണ്;

(സി) ഇവർക്ക് കാർഷിക ലോൺ എടുക്കുന്നതിനുപോലും കഴിയാത്ത സാഹചര്യം പരിഗണിച്ച് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി) യും (സി) യും

ടി സർവെയിൽപ്പെട്ട വസ്തുവിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസം ബോധ്യപ്പെട്ടതിനാൽ ക്രയ സർട്ടിഫിക്കറ്റുകളും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആധാരങ്ങളും വില്ലേജ് ഓഫീസർ മുഖേന പരിശോധിച്ചതിൽ ബി.റ്റി.ആർ -ലും തണ്ടപ്പേരിലും ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയേക്കാൾ കൂടുതൽ ഭൂമിക്ക് ക്രയ സർട്ടിഫിക്കറ്റുകൾ പ്രകാരം പതിവ് അനുവദിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. അതിനാൽ ടി ക്രയ സർട്ടിഫിക്കറ്റ് പ്രകാരം തണ്ടപ്പേര് പിടിച്ച് കരം ഒടുക്കാൻ കഴിയാതെ വരികയും ക്രയ സർട്ടിഫിക്കറ്റുകളിൽ ചിലത് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവർക്ക്

കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതെ വന്നിട്ടുള്ളത്. ആയതിനാൽ കൈവശ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തണ്ടപ്പേർ പിടിച്ച് കരം ഒടുക്കി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൈവശഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

Srindhya

സെക്ഷൻ ഓഫീസർ